ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10-2-2011 വരെ 15,27,96,038 രൂപ (പതിനഞ്ച് കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുപ്പത്തിയെട്ട് രൂപ) ജില്ലാ കളക്ടർമാർക്കും മറ്റുള്ളവർക്കുമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള തുക

48(1293) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച് താലൂക്കടിസ്ഥാനത്തിലുള്ള വിശദവിവരം നൽകുമോ :

(ബി) ദുരന്തങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട് എന്നും എത്ര പേർക്കാണ് നൽകിയിട്ടുള്ളത് എന്നും അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ താശ്വാസ നിധിയിൽ നിന്നും അനുവദിച്ച തീലൂക്കടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

ആലത്തൂർ - 1,09,12,500

ചിറ്റൂർ - 68,56,000

മണ്ണാർക്കാട് - 64,08,000

ഒറ്റപ്പാലം - 61,34,100

പാലക്കാട് - 1,67,76,000

(ബി) ദുരന്തങ്ങളിൽ മരണമടഞ്ഞ 21 പേരുടെ ആശ്രിതർക്ക് 22,50,000 രൂപ സഹായധനമായി അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര നിരക്കിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

49(1294) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം അതേപടി നടപ്പാക്കിയ ഹരിയാന ഉൾപ്പെടെയുള്ള ഇന്ത്യയിലെ എട്ടോളം സംസ്ഥാനങ്ങളുടെ മാതൃകയിൽ കേരളത്തിലും ശമ്പള പരിഷ്കരണം നടപ്പാക്കി സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കെതിരെ സർവ്വീസ് സംഘടനകളുടെ ശക്തമായ എതിർപ്പ് തുടരുന്ന സാഹചര്യത്തിൽ കേന്ദ്രം നൽകിയ മാതൃകയിൽ ശമ്പളം നൽകുവാൻ അടിയന്തര തീരുമാനം ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവും പരിശോധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളപരിഷ്കരണം

50(1295) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാർ കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ നൽകിയ, വനിതാ ജീവനക്കാർക്ക് രണ്ട് വർഷം വരെ തങ്ങളുടെ മക്കളെ പരിചരിക്കുന്നതിന് ശമ്പളത്തോടുകൂടിയ അവധി, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 11,500 രൂപ ജീവനക്കാർക്ക് കുടുംബസമേതം വർഷത്തിൽ ഒരിക്കൽ ഇൻഡ്യയ്ക്കകത്ത് ടൂർ പോകുന്നതിനുള്ള ആനുകൂല്യങ്ങൾ തുടങ്ങിയവ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവകുപ്പും ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിച്ചുവരുന്നതേയുള്ളൂ.

എൻഡോസൾഫാൻ ദുരന്തബാധിതർ

51(1296) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ബാധിതരായി എത്രപേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ദുരന്തബാധിതർക്ക് മാസംതോറും നൽകുന്ന സാമ്പത്തിക സഹായം എത്ര രൂപവീതമാണ് ?

ഉത്തരം

(എ) സംസ്ഥാനത്ത് കാസർഗോഡ് ജില്ലയാണ് ഇപ്പോൾ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലാ കളക്ടർ നൽകിയ ലിസ്റ്റ് പ്രകാരം 3937 എൻഡോസൾഫാൻ ദുരിത ബാധിതരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly